**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 148** **23-01-2025 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ നാഷണൽ എൻ. സി. സി. ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കുട്ടനാട്ടിലെ നാഷണൽ എൻ. സി. സി. ട്രെയിനിംഗ് സെന്ററിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിലെ വെളിയനാട് വില്ലേജിൽ എൻ സി സി യുടെ നേവൽ ട്രെയിനിങ് സെന്റർ ആരംഭിക്കുന്നതിന് റവന്യു വകുപ്പ് അനുവദിച്ച 25 സെന്റ് ഭൂമിയിൽ അതിർത്തി തർക്കവുമായി ബന്ധപ്പെട്ട് രണ്ട് കേസുകൾ ആലപ്പുഴ ബഹു. മുൻസിഫ് കോടതിയിൽ നിലവിലുണ്ട്. കേസിന്റെ വിധിയായതിനുശേഷമോ/അതിർത്തി തർക്കം പരിഹരിച്ചതിനു ശേഷമോ മാത്രമേ നിർമ്മാണ പ്രവൃത്തി ആരംഭിയ്ക്കാൻ സാധിക്കുകയുള്ളു. അതിർത്തി തർക്കം പരിഹരിയ്ക്കുന്നതിനുള്ള നടപടി ആലപ്പുഴ ജില്ലാ കളക്ടർ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിക്കായി നിലവിൽ നിർദേശിച്ചിട്ടുള്ള കെട്ടിടത്തിൽ ദുരന്തനിവാരണത്തിനാവശ്യമായ സൗകര്യങ്ങളും കെട്ടിടത്തിന് മുകളിൽ നേവിയുടെയും എയർഫോഴ്സിന്റെയും ഹെലികോപ്റ്റർ ലാൻഡ് ചെയ്യുന്നതിനുള്ള സൗകര്യവും ഏർപ്പെടുത്തുമോ; | (ബി) | എൻ.സി.സി. കേഡറ്റുകളുടെ പരിശീലനത്തിനായി പൊതുമരാമത്ത് വകുപ്പ് ആർക്കിടെക്റ്റ് വിഭാഗം രൂപരേഖ തയ്യാറാക്കിയത് ദുരന്ത നിവാരണത്തിനും കൂടി ഉപയോഗിയ്ക്കാവുന്ന വിധത്തിലാണ്. അടിയന്തര സാഹചര്യമുണ്ടായാൽ ഈ കെട്ടിടത്തിന്റെ മുകളിൽ എയർഫോഴ്സിന്റെയും, നേവിയുടെയും ഹെലികോപ്റ്റർ ലാൻഡ് ചെയ്യുന്നതിനുള്ള സൗകര്യം കൂടി ഉൾപ്പെടുത്താവുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (സി) | ഭൂമിയിലെ അതിർത്തി തർക്കം പരിഹരിയ്ക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ 31/12/2024 - ന് എൻ.സി.സി യെയും എതിർ കക്ഷിയെയും ചേർത്ത് നടത്തിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 09.01.2025 - ൽ സർവ്വെ ടീം രണ്ട് കക്ഷികളെയും വിളിച്ച് സൈറ്റ് പരിശോധന നടത്തിയിട്ടുണ്ട്. കേസിൽ ഒത്തുതീർപ്പിന് 3 മാസത്തെ സമയം അനുവദിക്കുന്നതിനായി ജില്ലാ കളക്ടർ ജില്ലാ ഗവ. പ്ലീഡർക്ക് കത്ത് നല്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ